**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** | **11-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അനുബന്ധ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതിനനുസരിച്ച് എത്ര ശതമാനം ചരക്കുനീക്കം കരമാർഗ്ഗം നടത്തേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം പൂർണമാകുന്നതനുസരിച്ച് 16% ചരക്കു നീക്കം കരമാർഗം ആയിരിക്കുമെന്നു പഠനങ്ങൾ വിലയിരുത്തുന്നു. ഇതിൽ 70% റോഡ് മാർഗവും, ബാക്കി 30% റെയിൽ മാർഗവും നടക്കുമെന്നും കണക്കാക്കുന്നു. നിലവിലെ മാർക്കറ്റ് സാധ്യതകളനുസരിച്ച് 16% എന്നത് 20-30% വരെ ആകാമെന്ന് കൺസഷണയർ വിലയിരുത്തുന്നു. |
| (ബി) | നിലവിലുള്ള റോഡ് സൗകര്യങ്ങൾ ഇതിന് പര്യാപ്തമല്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. നിലവിലുള്ള റോഡ് സൗകര്യങ്ങൾ കണ്ടെയ്നർ ചരക്ക് നീക്കത്തിന് അപര്യാപ്തമായതിനാലാണ് തുറമുഖത്തെ NH-66 ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡ കണക്റ്റിവിറ്റി നിർമ്മിക്കാൻ വ്യവസ്ഥ ചെയ്തത്. ഇതിനായി നിർമ്മിക്കേണ്ടിവരുന്ന 1.7 കിലോമീറ്റർ റോഡിന്റെ നിർമാണം അന്തിമ ഘട്ടത്തിലാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>ഇതിൽ ഉൾപ്പെട്ടിട്ടുള്ള 2 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പോർട്ടിൽ നിന്നും പൂവാർ റോഡ് വരെയുള്ള 500 മീറ്റർ റോഡിന്റെ നിർമ്മാണം ഏകദേശം പൂർണമായ് പൂർത്തീകരിക്കുകയും പൂവാർ റോഡിൽ നിന്നും NH-BYPASS വരെയുള്ള ബാക്കി 1200 മീറ്റർ റോഡിന്റെ പണികൾ ദ്രുതഗതിയിൽ പൂർത്തികരിച്ചും വരുന്നു .<br><br>NH -ഉമായി ബന്ധിപ്പിക്കുന്ന ജംഗ്ഷനാവശ്യമായ (ഇന്റർസെക്ഷൻ) സ്ഥലം അദാനിക്കു ( കൺസഷനയർ )കൈമാറിയിരുന്നെങ്കിലും ഡിസൈൻ |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭിക്കുന്നതിനായി 31.03.2021-ൽ ഒരു പ്ലാൻ കൺസഷനയർ NHAI യ്ക്ക് സമർപ്പിക്കുകയും, 27.07.2021-ൽ അതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ 43 സെന്റ് വസ്തു അധികമായി ഏറ്റെടുക്കേണ്ടി വന്നു. ഇതിനോടൊപ്പം പൂർണ്ണ അംഗീകാരത്തിനായി സാങ്കേതിക രേഖ അദാനി തയ്യാറാക്കുന്ന വേളയിൽ, 17.05.2022-ൽ ഔട്ടർ റിംഗ് റോഡ് ഇതേ ജംഗ്ഷനിൽ വന്ന് ചേരുന്നതിനാൽ, മേൽ അംഗീകാരം NHAI റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് ഔട്ടർ റിങ് റോഡ് കൂടെ ഡിസൈനിൽ ഉൾപ്പെടുത്തി അദാനി 17.03.2023-ൽ ഒരു പുതിയ Layout അംഗീകാരത്തിനായി സമർപ്പിച്ചു. ഇതിന് 10.07.2023-ൽ തത്വത്തിൽ അംഗീകാരം ലഭിക്കുകയും 31.01.2024-ൽ NHAI യുടെ പൂർണ്ണ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തയ്യാറെടുക്കുന്നതിനിടെ ഇന്റർസെക്ഷ നായി ഒരു ക്ലോവർ ലീഫ് (clover leaf) ഡിസൈൻ നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം പുതുക്കിയ ഇന്റർസെക്ഷൻ നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇത് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതുവരെ ചരക്കു നീക്കത്തിനുള്ള താത്കാലിക സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച ചർച്ചകൾ NHAI യുമായി നടന്നു വരുന്നു. |
| (സി) | തൽക്കാലത്തേയ്ക്ക് കണ്ടെയ്നർ ലോറികൾക്ക് ദേശീയപാതയിൽ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; | (സി) | കണ്ടെയ്നർ ലോറികൾക്ക് സഞ്ചാരത്തിനായി സംവിധാനം ഒരുക്കുന്നതിന് NH നെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന താത്കാലിക സംവിധാനം നടപ്പിലാക്കുന്നതിന് NHAI-യുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | തുറമുഖത്ത് നിന്നുള്ള ചരക്കുനീക്കത്തിന് നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡ് കൂടുതൽ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; | (ഡി) | തുറമുഖത്തു നിന്നും ആരംഭിച്ച് നാവായിക്കുളത്തെ ബന്ധിപ്പിച്ച് കടന്നുപോകുന്ന നിർദിഷ്ട ഔട്ടർ റിങ് റോഡും, റോഡിന്റെ ഇരുവശങ്ങളിലുമുള്ള സർക്കാർ വിഭാവനം ചെയ്തിട്ടുള്ള വ്യാവസായിക ഇടനാഴിയും പൂർത്തിയാകുന്നതോടു കൂടി തുറമുഖത്തുനിന്ന് ചരക്കു നീക്കത്തിന് ഇത് സഹായകമാകുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഔട്ടർ റിങ്ങ് റോഡ് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം പ്രാഥമിക നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഇ) | വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ ഉണ്ടാകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടാണ് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത്. സംസ്ഥാനം ആവശ്യപ്പെട്ടത് അനുസരിച്ച് ദേശീയപാതാ നിലവാരത്തിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം സമ്മതിക്കുകയും ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.<br><br>28.04.2018-ൽ ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഗതാഗതവും ഹൈവേയും, ഷിപ്പിംഗും വകുപ്പ് മന്ത്രിയും നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിമീ നീളത്തിലും 70 മീറ്റർ വീതിയിലും, ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 45 മീറ്റർ പ്രധാന പാതയും, 25 മീറ്റർ സർവീസ് റോഡുകളുമായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. നിലവിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചത് പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെയാണ്.<br>1) 45 മീറ്റർ RoW ( Right of Way) യിൽ 4 വരിയായി പ്രധാന പാത, സർവീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്, ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100% തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.<br>2) സർവീസ് റോഡുകളുടെ നിർമ്മാണച്ചെലവ് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുക,<br><br>3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം. ദേശീയപാത അതോറിറ്റി മുന്നോട്ട് വച്ച ആവശ്യങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ